പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *669 11/07/2014 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളിലുണ്ടായ മാറ്റവും വിതരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് :<br>ശ്രീ. എം.എ. ബേബി :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. കെ.വി. വിജയദാസ് : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഈ അദ്ധ്യയനവർഷം സ്കൂളുകളിൽ പാഠപുസ്തകവിതരണം പൂർത്തിയായിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ആവശ്യമായ 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഒന്നാം വാല്യം അച്ചടിച്ച് വിതരണം ചെയ്തു. സ്കൂളുകൾ അധികമായി ആവശ്യപ്പെട്ട പാഠപുസ്തകങ്ങൾ ജൂലൈ 15 നുള്ളിൽ അച്ചടിച്ച് വിതരണം പൂർത്തിയാക്കുന്നതിന് കെ.ബി.പി.എസ് ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നവംബറിൽ സ്കൂളുകളിൽ ലഭ്യമാക്കേണ്ട രണ്ടാം വാല്യം പുസ്തകങ്ങൾ അച്ചടിച്ചുകൊണ്ടിരിക്കുന്നു.<br>വൊക്കേഷണൽ ഹയർ സെക്കണ്ടറി/ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് സി-ആപ്റ്റ് ആണ്. പ്ലസ്ടു പാഠപുസ്തകങ്ങളുടെ വിതരണം രണ്ടാം ഭാഗം ഒഴികെ 80 ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്. രണ്ടാം ഭാഗത്തിന്റെ വിതരണം ആരംഭിച്ചിട്ടുമുണ്ട്. പ്ലസ് വൺ പാഠപുസ്തകങ്ങളുടെ വിതരണം ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പായി തന്നെ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഈ വർഷം ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിലാണ് മാറ്റമുണ്ടായിട്ടുള്ളത് ; മാറിയ പുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ ; | (ബി) 1,3,5,7 എന്നീ ക്ലാസുകളിലെ പാഠ പുസ്തകങ്ങളാണ് മാറ്റമുണ്ടായിട്ടുള്ളത്. മാറിയ പാഠപുസ്തകങ്ങൾ വിതരണം പൂർത്തീകരിച്ചു വരികയാണ്. അധികം ആവശ്യമായ മാറിയ പാഠപുസ്തകങ്ങൾ ജൂലൈ 15 നുള്ളിൽ അച്ചടിച്ച് വിതരണം പൂർത്തിയാക്കുന്നതാണ്.<br>ഈ വർഷം ഹയർ സെക്കണ്ടറി വിഭാഗത്തിലെ പ്ലസ് വൺ പാഠപുസ്തകങ്ങൾ മാറിയിട്ടുണ്ട്. പ്ലസ് വൺ പാഠപുസ്തകങ്ങളുടെ വിതരണം ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പായി തന്നെ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ |

| | | | |
|---|---|---|---|
| | | | സെക്കണ്ടറിയിലെ നോൺ വൊക്കേഷണൽ പാഠപുസ്തകങ്ങളിൽ മാറ്റമുണ്ടായിട്ടുണ്ട്. വിതരണം ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പായി തന്നെ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | കഴിഞ്ഞ അദ്ധ്യയന വർഷം പാഠപുസ്തക വിതരണത്തിൽ കാലതാമസമുണ്ടായതു കാരണം വിദ്യാർത്ഥികൾ നേരിട്ട ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച പരിശോധന നടത്തുകയുണ്ടായോ ; | (സി) | കഴിഞ്ഞ അദ്ധ്യയന വർഷം പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നു. എങ്കിലും ചില ജില്ലകളിലെ ചില സ്കൂളുകളിൽ എല്ലാ വിദ്യാർത്ഥികൾക്കും യഥാസമയം പാഠപുസ്തകം ലഭിച്ചില്ലെന്ന പരാതി ശ്രദ്ധയിൽ പെട്ടിരുന്നു. ഈ അദ്ധ്യയന വർഷം ഈ പോരായ്മ പരിഹരിച്ച് വിതരണം പൂർത്തീകരിച്ചുവരുന്നു. കഴിഞ്ഞ അധ്യയന വർഷം ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി പാഠപുസ്തക വിതരണത്തിൽ കാലതാമമുണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| ഡി) | കാലതാമസമില്ലാതെ അദ്ധ്യയന വർഷത്തിൽതന്നെ മുഴുവൻ വിദ്യാർത്ഥികൾക്കും കുറ്റമറ്റ രീതിയിൽ പാഠപുസ്തകങ്ങൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | കാലതാമസമില്ലാതെ അദ്ധ്യയനവർഷത്തിൽ തന്നെ മുഴുവൻ വിദ്യാർത്ഥികൾക്കും കുറ്റമറ്റ രീതിയിൽ പാഠപുസ്തകങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Padmakumar

സെക്ഷൻ ഓഫീസർ